ശ്രീ. കണ്ണാറ ഗോപാലപണിക്കർ : എതെല്ലാം നിയമനങ്ങളെപ്പറ്റിയാണ്" ഇൻഡ്യാഗവമ്മെണ്ടുമായി ആലോചിക്കേണ്ടതെന്ന്" ബഹുമാനപ്പെട്ട മന്ത്രിക്ക്" അറിയാൻ പാടില്ലാഞ്ഞിട്ടാണോ പറയാത്തത്"?

Sri. E. John Philipose : That is on public grounds.

ശ്രീ. ഈപ്പൻ അറക്കൽ : മൻസിഫന്മാരെ ഡിസ്ട്രിക്ട്" ജഡ്ജിമാരായി പ്രമോട്ടുചെയ്യുമ്പോൾ ഇൻഡ്യാ ഗവമ്മെണ്ടിന്റെ അനുവാദം ആവശ്യമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്" : ഇല്ല.

ശ്രീ. സി. വി. ഇയ്യു : ജുഡീഷ്യറിയിലെ നിയമനങ്ങൾ നടത്തുമ്പോൾ ഹൈക്കോടതിയോട്" ആലോചിച്ചുകൊണ്ടല്ലേ ചെയ്യുന്നത്"?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്" : അതെ.

(Questions No, 45 and 46 were not put)

EX-SERVICE CANDIDATES

*768. [47] **Sri. D. Gnanasigamony :** Will the Hon'ble Chief Minister be pleased to state :

(*a*) whether Ex-service candidates in Cochin area who had failed in E. S. L. C. are treated as passed candidates for purposes of promotion ;

(*b*) if so, whether that is the position in Travancore area also ; and

(*c*) if the answer to part (*b*) is in the negative, what action have Government to end this anamoly ?

Sri. E. John Philipose :

(*a*) It has been already stated on the floor of this House that failed Ex-service candidates who have successfully served as Havildar clerks are as a General rule treated for the purpose of employment as having passed the E. S. L. C. Examination.

(*b*) If the appointing authority certifies that the Ex-service candidates possess the required qualification or experience, the rule may be relaxed with the previous sanction of the Government.

(*c*) In view of Answer to part (*b*) this does not arise.

Sri. D. Gnanasigamoni : May I know whether that concession is given to candidates in Travancore area ?

Sri. E. John Philipose :

Government are trying to make it uniform in both areas.

ഇൽമിനൈറ്റിന്റെ കയറ്റുമതി

* ൭൩൯. (ര്വ) സാഹിബ്" ബഹദൂർ കെ. എ. മുഹമ്മദ്" : താഴെ പറയുന്ന ചോദ്യങ്ങൾക്ക്" ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ ആണ്ടിൽ എത്ര ടൺ ഇൽമിനൈറ്റ്" കയറ്റിഅയക്കുന്നതിന് പെർമിറ്റ് കൊടുത്തിട്ടുണ്ട്" ;

(ബ) എത്ര വിലവെച്ചാണ ഒരു ടൺ ഇൽമിനൈറ്റ്" വിറ്റിട്ടുള്ളത്" ;

(സി) കഴിഞ്ഞ വർഷം എത്ര വിലവെച്ചാണ ഒരു ടൺ ഇൽമിനൈറ്റ്" വിറ്റിട്ടുള്ളത്" ;

(ഡി) ഡീവാല്യുവേഷൻ ആഫ്" സ്റ്റെർലിംഗിന്റെ പ്രയോജനം നമുക്ക്" ലഭിച്ചിട്ടുണ്ടോ ?

(ഇ) ഡാളറിനു ഇപ്പോഴത്തെ വിനിമയനിരക്കനുസരിച്ച്" നമുക്കെത്ര നഷ്ടമുണ്ട്" ;

(എഫ്") ഗവമ്മെണ്ടിൽനിന്നും നേരിട്ട വിറ്റിട്ടുള്ള ഇൽമിനൈറ്റിന്റെ വില എന്താണ്" ?

(ജി) ഈ വില്പനകാര്യത്തിൽ ഗവമ്മെണ്ടിനെ ഉപദേശിക്കുന്നത് ആരാണ്" ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്" :

(എ) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്".

(ബ) ര ാ ഷില്ലിംഗും അതിൽ കൂടുതലും.

(സി) ടി വിലതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യത്തെപ്പറ്റി ഒന്നും പറയാറായിട്ടില്ല.

(എഫ്) ര ാ ഷില്ലിംഗ്.

(ജി) ട്രാവൻകൂർ മിനറൽകമ്പനിയിലെ ഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് പി. വ.ശ്രീനാഥൻ എന്നയാളാണ്.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : ഗവമ്മെണ്ട് ഈയാണ്ടിൽ എത്ര ടൺ ഇൽമിനൈറിനു പെർമിറ്റു കൊടുത്തിട്ടുണ്ട്?

ശ്രീ. ജാൺ ഫിലിപ്പോസ് : അതു പറയാറായിട്ടില്ല.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : ആരാണ് പെർമിറ്റു കൊടുക്കുന്നത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഗവമ്മെണ്ടാണ്.

സാഹിബ് ബഹദൂർ കെ. എം. മുഹമ്മദ് : പിന്നെ എന്തുകൊണ്ടാണ് ഇതുവരെ ശരിയായ വിവരങ്ങൾ ശേഖരിക്കുവാൻ കഴിയാഞ്ഞത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഡിപ്പാർട്ടുമെണ്ടിൽനിന്നും അതിന്റെ ഇൻഫർമേഷൻ വന്നിട്ടില്ല.

ശ്രീ കെ. എ. മഹമ്മദ് : സ്റ്റെർലിംഗ് ഡി വാല്യുവേഷന്റെ ഗുണം നമുക്കു സിദ്ധിക്കുന്നില്ലെന്നാണോ പറയുന്നത് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : നമുക്കു അതേപ്പറ്റി പറയാറായിട്ടില്ല എന്നാണു പറഞ്ഞതു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ഇന്ന വിലയ്ക്കാണ് വിറ്റതു് എന്നു പറയാറായിട്ടില്ലെന്നല്ലേ അർത്ഥം ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അതിനകത്തുണ്ട്.

ആദായനികുതി

* ൭൭൦. (൶൯) ശ്രീ. ഇട്ടീര അമ്മുക്കൻ . താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ (ഏപ്രിൽ മാസം) പെട്രോൾവ്യാപാരികളിൽനിന്നും ആകെ ഗവമ്മെണ്ടു് പിരിച്ചിട്ടുള്ള ആദായനികുതി എത്ര ?

ശ്രീ. എ. ജെ. ജാൺ : പെട്രോൾ വ്യാപാരത്തിന്റെ കണക്കു പ്രത്യേകമായി വച്ചിട്ടില്ല.

പട്ടാളം

* ൭൭൧. (൫൦) ശ്രീ. ഇട്ടീര അമ്മുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തെ പട്ടാളം കേന്ദ്രഗവമ്മെണ്ടു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായോ ;

(ബി) ൧൯൫൫-ലെ പട്ടാളച്ചിലവു് എത്ര ഗവമ്മെണ്ടാണു വഹിക്കുന്നതു് ;

(സി) ബച്ചു കമ്മിറ്റി റിപ്പോർട്ടിൽ പട്ടാളച്ചിലവു് മുഴുവനും കേന്ദ്രം വഹിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടോ ;

(ഡി) ഈ കാര്യത്തിൽ ഐക്യസംസ്ഥാനഗവമ്മെണ്ടു് എന്തെല്ലാം നടപടികളെടുത്തു ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : (എ) ഇല്ല.

(ബി) ഏപ്രിൽ ൧-ാംനു-വരെ രണ്ടു ഗവമ്മെണ്ടുകളും കൂടി ; അതിനു ശേഷം കേന്ദ്രഗവമ്മെണ്ടു മാത്രം.

(സി) ഇല്ല.

(ഡി) കേന്ദ്രഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly